"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - കൂമ്പാറ ഫാത്തിമാബിമെമ്മോറിയൽ എച്ച്.എസ്.എസ് -ൽ നിന്നും റിട്ടയർ ചെയ്ത എച്ച് എസ് എസ് ടി (ബോട്ടണി) ജൂനിയർ, ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട്. ഒ. പി. യ്ക്ക് പതിനൊന്നാം ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.3637/2026/GEDN തീയതി,തിരുവനന്തപുരം, 30-05-2026

---

പരാമർശം:-

1. ശ്രീമതി. ശ്രീജ കെ എം, W/o ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട്. ഒ. പി, എച്ച് എസ് എസ് ടി (ബോട്ടണി) ജൂനിയർ, ഫാത്തിമാബിമെമ്മോറിയൽ എച്ച്.എസ്.എസ്, കൂമ്പാറ, കോഴിക്കോട് ജില്ല സമർപ്പിച്ച 25/11/2025 ലെ നിവേദനം.
2. ഹയർ സെക്കന്ററി വിദ്യാഭ്യാസം കോഴിക്കോട് മേഖലാ ഉപമേധാവിയുടെ 10/2/2026 ലെ RDDHSE/KKD/356/2026-SR.CLK (A4) നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി) ടെ 17/2/2026 ലെ എസിഡി.ബി1/2386/2026/എച് എസ് ഇ നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കൂമ്പാറ ഫാത്തിമാബി ഹയർസെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എസ്.ടി (ജൂനിയർ) ബോട്ടണി, ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട് ഒ പി, അപകടത്തെ തുടർന്ന് 'coma' യിലായതിനാൽ 01/06/2016 മുതൽ 31/05/2021 വരെയും തിരികെ ജോലിയിൽ പ്രവേശിക്കാൻ സാധിച്ചിരുന്നില്ല. ശ്രീ. ശങ്കരൻ നമ്പൂതിരിപാടിന് 01/06/2016 മുതൽ 31/05/2021 (ടിയാളുടെ വിരമിക്കൽ തിയതി) വരെ 5/8/2022 ലെ സ ഉ (സാധാ) നം 4595/2022/GEDN പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൻ്റെ അടിസ്ഥാനത്തിൽ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവായിരുന്നു. ടിയാളുടെ പെൻഷനും മറ്റ് വിരമിക്കൽ ആനുകുല്യങ്ങൾക്കുമുള്ള അപേക്ഷ കോഴിക്കോട് മേഖലാ ഉപമേധാവി, അക്കൗണ്ടന്റ് ജനറലിന് അയച്ചിരുന്നുവെങ്കിലും, അക്കൗണ്ടന്റ് ജനറൽ 04/09/2024 ലെ കത്ത് പ്രകാരം, ശൂന്യവേതന അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തത് കാരണം 2019 ലെ പതിനൊന്നാം ശമ്പള

പരിഷകരണ ആനുകൂല്യങ്ങൾ അനുവദിക്കാൻ കഴിയില്ല എന്ന് അറിയിച്ചു. വിരമിക്കൽ തീയതിക്ക് മുൻപ് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള ആരോഗ്യക്ഷമതയും ടിയാൾക്കുണ്ടായിരുന്നില്ല എന്ന് സ്ക്കൂൾ പ്രിൻസിപ്പാൾ അറിയിച്ചിരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട് ഒ പി- യുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ടിയാളുടെ ഭാര്യ ശ്രീമതി. ശ്രീജ കെ എം സമർപ്പിച്ച പരാമർശം (1) നിവേദനം തീർപ്പാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയ പ്രകാരം അപേക്ഷകയേയും ബന്ധപ്പെട്ട കക്ഷികളേയും വിദ്യാഭ്യാസ ഓഫീസർമാരേയും **11.02.2026** ൽ നേരിൽ കേൾക്കുകയുണ്ടായി.

**2)** അപേക്ഷയിലെ സംഗ്രഹവും ഹിയറിംഗ് വേളയിലെ അപേക്ഷകയുടെ വാദവും ചുവടെ ചേർക്കുന്നു.

തന്റെ ഭർത്താവ് ശങ്കരൻ നമ്പൂതിരിപ്പാട് (**Rtd.**ബോട്ടണി ജൂനിയർ) ഫാത്തി മാബി മെമ്മോറിയൽ ഹയർസെക്കണ്ടറി സ്കൂളിൽ **2011** മുതൽ ജോലി ചെയ്തു വരികയായിരുന്നു. **2016** ൽ ആകസ്മികമായി സംഭവിച്ച അപകടം കാരണം ശാരീരികമായും മാനസികമായും ആരോഗ്യം നഷ്ടപ്പെടുകയും സംസാരിക്കാനോ, നടക്കുവാനോ, മറ്റു ജോലികൾ ചെയ്യുവാനോ കഴിയാതെ പൂർണ്ണ കിടപ്പുരോഗിയായി കഴിയുകയാണ്. മസ്തിഷ്ക ആഘാതം സംഭവിച്ച കാരണം ഓർമയോ ബോധമോ ഇല്ല.

**1-6-2016** മുതൽ **25-01-2017** വരെ അർദ്ധ വേതന അവധിയിലും **26/01/2017** മുതൽ **25/01/2021** വരെ ശൂന്യ വേതന അവധിയിലും (**HPL**) കഴിയുകയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നുള്ള മെഡിക്കൽ ബോർഡ് അനുവദിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ ലീവ് അനുവദിച്ചത്. സർവീസിലെ അവസാന നാളിൽ ഇദ്ദേഹത്തെ സ്കൂളിലേക്ക് കൊണ്ടു പോവാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. ഇതു കൂടാതെ കൊറോണ കാലഘട്ടവുമായിരുന്നു. **31-05-2021** ന് തന്റെ ഭർത്താവ് സർവ്വീസിൽ നിന്ന് വിരമിക്കുകയും **01-06-2021** മുതൽ സർക്കാർ പെൻഷൻ അനുവദിക്കുകയും ചെയ്തു. എന്നാൽ **2019** ലെ **11-**ാം ശമ്പള പരിഷ്കരണ ത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കാൻ വേണ്ടി കോഴിക്കോട് ആർ ഡി ഡി ക്ക് അപേക്ഷ സമർപ്പിക്കുകയും **19-10-2024** ന് സർക്കുലർ നം **B3/4108/2024** പ്രകാരം ശൂന്യവേതന അവധി കഴിഞ്ഞശേഷം തിരികെ ജോലിയിൽ പ്രവേശിക്കാത്ത കാരണം പറഞ്ഞ് **2019** ലെ **11-**ാം ശമ്പള പരിഷ്കരണ ആനുകൂല്യം അനുവദിക്കാൻ കഴിയില്ല എന്ന് റീജണൽ ഡെപ്യൂട്ടി ഡയറക്ടർ അറിയിക്കുകയാണ് ഉണ്ടായത്.

തന്റെ ഭർത്താവിന് പ്രസ്തുത കാലയളവിൽ സ്കൂളിലേക്ക് പോകുവാനോ, രജി സ്റ്ററിൽ ഒപ്പ് വെക്കുവാനോ, ഒന്ന് അനങ്ങാനോ കൈകാലുകൾ ചലിപ്പിക്കാനോ സംസാരിക്കാനോ, ജോലി ചെയ്യാനോ ഒന്നിനും സാധിക്കാത്ത അവസ്ഥയാണ് ഉണ്ടായത്. അതേ പോലെ കൊറോണ കാലഘട്ടമായിരുന്നു. ആയതിനാൽ ഇതൊരു

പ്രത്യേക കേസായി പരിഗണിച്ച് 2019 ലെ 11-ാം ശമ്പള പരിഷ്കരണ ആനുകൂല്യം ലഭിക്കാൻ അപേക്ഷിച്ചിരുന്നു. ടി വിഷയം ശരിയായ രീതിയിൽ ബോധ്യപ്പെടാതിരുന്നതുകൊണ്ടാവാം L2/205/2024/Gedn dtd.3.11.2025 പ്രകാരം തന്റെ ഭർത്താവ് ശങ്കരൻ നമ്പൂതിരിപ്പാട് (Rtd) HSST Jr Botany, Fathimabi Memorial HSS, Koombara ക്ക് ആനുകൂല്യം നിഷേധിക്കപ്പെട്ടത് എന്ന് കരുതുന്നു.
ഒരു ഫയൽ ഒരു ജീവിതം എന്ന് ബഹു: മുഖ്യമന്ത്രി ഓർമ്മിപ്പിച്ചിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് തന്റെ ഭർത്താവിന്റെയും തൻറെയും ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കി 2019 ലെ 11-ാം ശമ്പള പരിഷ്കരണ ആനുകൂല്യം (പെൻഷൻ) ലഭിക്കുന്നതിന് യഥാർത്ഥ വിവരം ബോധ്യപ്പെടാൻ പ്രത്യേക താൽപര്യം എടുത്ത് ടി വിഷയം പുനഃ പരിശോധിച്ച് വേണമെങ്കിൽ ഒരു കമ്മീഷനെ വെച്ച് പരിശോധിച്ചോ, ഒരു ഹിയറിംഗ് നടത്തിയോ ടി വിഷയത്തിൽ ആനുകൂല നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

തന്റെ ഭർത്താവ് ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പി. 20/07/1990 മുതൽ 14/12/2011 വരെ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ ബയോളജി അധ്യാപകനായി സേവനമനുഷ്ഠിച്ചിരിക്കെ 15/12/2011 മുതൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ എച്ച്.എസ്.എസ്.ടി ജൂനിയർ ബോട്ടണി തസ്തികയിൽ ബയോളജി വിഭാഗത്തിൽ ജോലി ചെയ്തു വരികയായിരുന്നു. എന്നാൽ 14/5/2016 അർദ്ധരാത്രി ഉണ്ടായ അപകടത്തിൽ തലയ്ക്ക് സാരമായി പരിക്കേൽക്കുകയും അബോധാവസ്ഥയിലാവുകയും കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ വെൻ്റിലേറ്ററിലും തുടർന്ന് തീവ്രപരിചരണ വിഭാഗത്തിൽ 120 ദിവസം തുടർന്നു. പിന്നീട് ന്യൂറോ സംബന്ധമായ ചികിത്സയിലായിരുന്നു. 56-ാം വയസ്സിൽ അസുഖത്തെ തുടർന്ന് 31/5/2021 ൽ സർവീസിൽ നിന്ന് വിരമിക്കുകയും 1/6/2021 മുതൽ സർക്കാർ പെൻഷൻ അനുവദിച്ച് കിട്ടുകയും ചെയ്തു.
അപകടത്തിന്റെ ആഘാതം മൂലം മുൻപുള്ള കാര്യങ്ങൾ ഒന്നും ഓർമ്മയിൽ നിൽക്കാത്ത അവസ്ഥയാണ്. സംസാരിക്കാനോ, നടക്കാനോ, സ്വന്തം കാര്യങ്ങൾ നിർവ്വഹിക്കാനോ ഒന്നും സാധിക്കുന്നില്ല. അതുകൊണ്ട് തന്നെ ആപ്പീസിൽ വന്ന് പെൻഷൻ പേപ്പറുകളിൽ ഒപ്പിടുവിക്കാനോ വിരലടയാളം പതിക്കാനോ, മസ്റ്ററിംഗിൽ ഒപ്പിടുവിക്കാനോ കഴിഞ്ഞിട്ടില്ല. ഇപ്പോഴും അതേ അവസ്ഥ തന്നെയാണ്. തലയുടെ ഇടതുവശത്ത് തലച്ചോറിന്റെ ഭാഗത്ത് ക്ഷതം പറ്റിയിട്ടുണ്ട്. അതിനാൽ വലതുകൈ ചലിപ്പിക്കാനേ കഴിയില്ല. പെരുവിരൽ മാത്രമേ അനക്കാൻ കഴിയുന്നുള്ളൂ. ഓർമ്മശക്തി തീരെയില്ല. സംസാരിക്കാൻ വളരെ ബുദ്ധിമുട്ടാണ്.
ആ സമയത്ത് തന്റെ ഭർത്താവ് സർവീസിൽ നിന്ന് വിരമിക്കുന്ന സമയം കൊറോണ കാലഘട്ടവുമായിരുന്നു. മാസ്ക് നിർബന്ധമായിരുന്നല്ലോ. ഈ അവസരത്തിൽ തന്റെ ഭർത്താവിനെ നേരിട്ട് ആപ്പീസിൽ എത്തിക്കുവാൻ തനിക്ക് കഴിയുമായിരുന്നില്ല.
അദ്ദേഹത്തിന് മെഡിക്കൽ ബോർഡ് അനുവദിച്ച Permanent Disability Certificate ഇതിനോടൊപ്പം വെക്കുന്നുണ്ട്. കൂടാതെ അപകടം സംഭവിച്ചതിന് ഒരു വർഷം കഴിഞ്ഞപ്പോൾ Physiotherapy ചെയ്യാൻ തുടങ്ങി. 1 1/2 വർഷം കഴിഞ്ഞപ്പോൾ

**Clinic** - ൽ പോയി **Physiotherapy** ചെയ്തു. ഇപ്പോൾ എടപ്പാൾ, പാലക്കാട്, കോഴിക്കോട്... പല സ്ഥലങ്ങളിൽ പോയി **Physiotherapy** ചെയ്തു. ഇപ്പോഴും വരുന്നുണ്ട്. **Edappal Ayurgreen Ayurveda Hospital**-ൽ **physiotherapy** ചെയ്തു വരികയാണ്. നേരത്തെ മുതൽ അനുവദിച്ചിട്ടുള്ള **Physiotherapy** ചെയ്തതിന്റെ രേഖകൾ ഇതിനോടൊപ്പം ഹാജരാക്കുന്നു.

ഇങ്ങനെയൊരു വിഷമഘട്ടമായതിനാൽ ഇതിൽ വിരമിച്ചതിനാൽ തന്റെ ഭർത്താവിന് അർഹമായ പതിനൊന്നാം ശമ്പള കമ്മീഷന്റെ ആനുകൂല്യം നൽകുന്ന പെൻഷൻ പേപ്പറിൽ ഒപ്പു വെക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

**3)** മാനേജറുടെ വാദം ഇപ്രകാരമാണ്

കാരന്തൂർ മർകസു സഖാഫത്തി സുന്നില്ല വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള കുമ്പാറ ഫാത്തിമാബി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിൽ **20.07.1990** മുതൽ **14.12.2011** വരെ **HST** നാച്ചുറൽ സയൻസ് ആയും തുടർന്ന് **15.12.2011 HSST Jr Botany** ആയി ബൈട്രാൻസ്ഫർ നിയമനം ലഭിച്ച അദ്ധ്യാപകനാണ് ശ്രീ.ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പി.

ഇദ്ദേഹത്തിനു **14.05.2016** നു ആകസ്മികമായി സംഭവിച്ച അപകടത്തിൽ മസ്തിഷ്കതിന് സാരമായി പരിക്കേറ്റ് അബോധാവസ്ഥയിലാവുകയും കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയുമുണ്ടായി. മധ്യവേനൽ അവധിക്ക് ശേഷം ശ്രീ.ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പി. **01.06.2016** മുതൽ **25.01.2017** വരെ അർദ്ധ വേതന അവധിയിലും തുടർന്ന് മെഡിക്കൽ ഗ്രൗണ്ടിൽ സർക്കാർ ഉത്തരവോടുകൂടി തന്നെ **26.01.2017** മുതൽ **25.01.2021** വരെ ശൂന്യ വേതന അവധിയിലും പ്രവേശിക്കുകയാണ് ഉണ്ടായത്. അപകടത്തിനു ശേഷം പൂർണമായി ട്രോമയിലായ ശ്രീ.ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പിക്ക് ഈ കാലയളവിനു ഇടയിലോ തുടർന്നോ സ്കൂളിൽ വരാൻ സാധിച്ചിരുന്നില്ല. മാത്രമല്ല ഇപ്പോഴും ഇദ്ദേഹത്തിന് പ്രാഥമിക കാര്യ നിർവഹനത്തിനുപോലും സഹായം ആവശ്യമാണ്.

**2019** ലെ ശമ്പള പരിഷ്കരണം ഉത്തരവ് വന്ന സമയത്ത് അദ്ദേഹം മെഡിക്കൽ ഗ്രൗണ്ടിൽ സർക്കാർ ഉത്തരവോടു കൂടി ശൂന്യവേതനാവധിയിൽ തുടരുകയായിരുന്നു. ശ്രീ.ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പി സേവനത്തിൽ നിന്നും വിരമിക്കുന്നത് **31.05.2021** നാണ്. കൊറോണ മഹാമാരിയുടെ വെല്ലുവിളി കൂടുതലായിരുന്ന കാലഘട്ടമായതിനാൽ സ്വബോധത്തിൽ സ്വന്തമായി കാര്യങ്ങൾ പോലും ചെയ്യാൻ പ്രയാസപ്പെടുന്ന, ഇത്രയും ആരോഗ്യ പ്രശ്നങ്ങൾ ഉള്ള വ്യക്തിയെ പൊതു ഇടങ്ങളിലേക്ക് പരസഹാത്തോട് കൂടി ആണെങ്കിലും കൊണ്ടുവരൽ അദ്ദഹത്തിൻ്റെ ആരോഗ്യ നിലയെ മോശമായി ബാധിക്കുന്ന പ്രക്രിയയാണ്.

**2016** ൽ സംഭവിച്ച അപകടത്തിന് ശേഷം ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പിക്ക്

നാളിതുവരെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വരാൻ സാധിച്ചിട്ടില്ല. സ്കൂൾ പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളുടെ ഉന്നമനത്തിനും ഏറെ മുൻഗണന നൽകി സേവനം ചെയ്തുവന്ന ഇദ്ദേഹത്തിന് സ്കൂളിലേക്ക് പിന്നീട് വരാനും കഴിഞ്ഞിട്ടില്ല. മാനുഷിക പരിഗണന നൽകി ഒരു സ്പെഷ്യൽ കേസായി പരിഗണിച്ചു ശമ്പളപരിഷ്കരണ ആനുകൂല്യം നൽകാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു. ഈ വിഷയത്തിൽ ശ്രീ.ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പി യുടെ ഭാര്യ ശ്രീമതി. ശ്രീജ കെ എം ബഹു മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്കും അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

ആകസ്മികമായി സംഭവിച്ച അപകടത്തെ തുടർന്ന് തീർത്തും സ്കൂളിൽ വരാൻ സാധിക്കാതെ സേവനത്തിൽ നിന്നും വിരമിക്കേണ്ടി വന്ന ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പിക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ ആരോഗ്യ സ്ഥിതി പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

4) ടി സ്ക്കൂൾ പ്രൻസിപ്പാളിന്റെ വാദം ചുവടെ ചേർക്കുന്നു.

കൂമ്പാറ ഫാത്തിമാബി മെമ്മോറിയൽ എച്ച്.എസ്.എസിലെ ബോട്ടണി ജൂനിയർ അധ്യാപകനായിരുന്ന ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാടിന് പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിന് അദ്ദേഹത്തിന്റെ ഭാര്യയായ ശ്രീമതി. ശ്രീജ കെ.എം **25/11/2025**ന് ബഹു. കേരള മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പരിഗണന നൽകി അദ്ദേഹത്തിന് പ്രസ്തുത ആനുകൂല്യം അനുവദിക്കാം എന്ന് ശുപാർശ ചെയ്യുന്നു.

ശ്രീ.ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പി **20/07/1990** മുതൽ **14/12/2011** വരെ ഫാത്തിമാബി മെമ്മോറിയൽ ഹൈസ്കൂളിൽ എച്ച്.എസ്.എ ജീവശാസ്ത്രം അധ്യാപകനായി സേവനമനുഷ്ഠിച്ചിരിക്കെ **15/12/2011** മുതൽ അതേ സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ എച്ച്.എസ്.എസ്.ജൂനിയർ ബോട്ടണി അധ്യാപകനായി ബൈ ട്രാൻസ്ഫർ മുഖേന ജോലി ചെയ്തു വരികയുമായിരുന്നു.

എന്നാൽ **14/05/2016** ആകസ്മികമായി ഉണ്ടായ അപകടത്തിൽ മസ്തിഷ്കതിന് സാരമായി പരിക്കേൽക്കുകയും അബോധാവസ്ഥയിലാവുകയും കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിച്ചിരിക്കുകയും ചെയ്തു. മധ്യവേനൽ അവധിക്ക് ശേഷം **01 /06/2016** മുതൽ **28/09/2016** വരെ **120** ദിവസം മെഡിക്കൽ ഗ്രൗണ്ടിൽ അർദ്ധ വേതനാവധിയിലും **29/09/2016** മുതൽ **25/01/2017** വരെ **119** ദിവസം അതേ അവധിയിൽ തന്നെ തുടരുകയും ചെയ്തു. **26/01 /2017** മുതൽ **25/01/2018** വരെ സർക്കാർ ഉത്തരവ് **G.O.R.T No. 908/2018** തിയ്യതി **01/03/2018** പ്രകാരം മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും **26/01/2020** മുതൽ **25/01/2020** വരെ സർക്കാർ ഉത്തരവ് നമ്പർ **430/2019** പെ.വി.വ തിയ്യതി **01/02/2019**

പ്രകാരം മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതന അവധിയിൽ തുടരുകയും 26/01/2020 മുതൽ 31/05 2021 വരെ സർക്കാർ ഉത്തരവ് നമ്പർ 4595/2022 തിയ്യതി 05/08/2022 തീരുമാനം പ്രകാരം 492 ദിവസം മെഡി ക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധിയിൽ വീണ്ടും തുടരുകയും 31/05/2021നു സർവീസിൽ നിന്ന് വിരമിക്കുകയും 01/06/2021 മുതൽ സർക്കാർ പെൻഷൻ അനുവദിക്കുകയും ചെയ്തു.
എന്നാൽ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയിൽ അപകടത്തിന്റെ തുടക്കം മുതൽ വിരമിക്കുന്നത് വരെ യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല. അതുകൊണ്ടുതന്നെ സ്കൂളിൽ ഹാജറാകാണോ രജിസ്റ്ററിൽ ഒപ്പുവെക്കാനോ സ്വബോധത്തിൽ സ്വന്തമായി കാര്യങ്ങൾ നിർവഹിക്കാനോ അദ്ദേഹത്തിന് സാധിക്കുകയില്ല. ഇപ്പോഴും അതെ അവസ്ഥ തുടരുകയാണ്.

2019 ലെ ശമ്പള പരിഷ്കരണം ഉത്തരവ് വന്ന സമയത്ത് അദ്ദേഹം മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധിയിൽ തുടരുകയായിരുന്നു. 2020-2021 വർഷങ്ങളിൽ ഉണ്ടായ കൊറോണ കാലഘട്ടത്തിലും അദ്ദേഹം ട്രോമാവസ്ഥയിലായിരുന്നു അതിനിടയിൽ ഒന്നും സ്കൂളുകളിൽ ഹാജരാകാൻ അദ്ദേഹത്തിന് സാധിച്ചിരുന്നില്ല. അദ്ദേഹത്തിൻറെ അവസ്ഥ ഒരു പ്രത്യേക കേസ് ആയി പരിഗണിച്ചാൽ മാത്രമേ ശമ്പളപരിഷ്കരണ ആനുകൂല്യം ലഭ്യമാവുകയുള്ളൂ. ഇക്കാര്യം മുഖ്യമന്ത്രിയെയും വിദ്യാഭ്യാസ സെക്രട്ടറിയെയും രേഖാമൂലം ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാടിൻ്റെ ഭാര്യ ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ 03/11/2025 L2/205/2024/പൊവിവ പ്രകാരം പൊതു വിദ്യാഭ്യാസ സെക്രട്ടറി ശ്രീ.ശങ്കരൻ നമ്പൂതിരിപ്പാടിന് പതിനൊന്നാം ശമ്പളം പരിഷ്കരണത്തിന്റെ ആനുകൂല്യം നൽകാൻ കഴിയില്ല എന്ന് നിരസിച്ച ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിനാൽ ആകസ്മികമായി സംഭവിച്ച അപകട കാരണം സർവീസിൽ നിന്ന് വിരമിക്കേണ്ടി വന്ന ഒരു അധ്യാപകന് തികച്ചും അർഹമായ പതിനൊന്നാം ശമ്പള പരിഷ്കരണ ആനുകൂല്യം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിണമെന്ന് ശുപാർശ ചെയ്യുന്നു.

5) ഈ വിഷയത്തിലുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

കുമ്പാറ ഫാത്തിമാബി മെമ്മോറിയൽ എച്ച്.എസ്.എസ്സിലെ എച്ച്.എസ്.എസ്.ടി (ബോട്ടണി) അധ്യാപകനായിരുന്ന ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പി, 2016-ൽ ഉണ്ടായ അപകടത്തെ തുടർന്ന് 90% സ്ഥിരമായ വൈകല്യം സംഭവിച്ച് സംസാരശേഷിയോ ചലനശേഷിയോ ഇല്ലാതെ പൂർണ്ണമായും കിടപ്പിലായതിനാലും, വിരമിക്കൽ തീയതിയായ 31/05/2021 വരെ സർക്കാർ ഉത്തരവുകളിലൂടെ മെഡിക്കൽ ഗ്രൗണ്ടിൽ അനുവദിച്ച ശൂന്യവേതനാവധിയിൽ (LWA) തുടർന്നിരുന്നതിനാലും, അവധിക്ക് ശേഷം ജോലിയിൽ പ്രവേശിക്കണമെന്ന സാങ്കേതിക നിബന്ധന അദ്ദേഹത്തിന്റെ അതീവ ഗുരുതരമായ ശാരീരിക അവസ്ഥയിൽ പാലിക്കുവാൻ സാധ്യമല്ലായിരുന്നു എന്നും; അതിനാൽ തന്നെ 11-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നിഷേധിച്ച റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി പുനഃപരിശോധിച്ച്, ഇതൊരു പ്രത്യേക കേസ് (special case)

ആയി പരിഗണിച്ച് അദ്ദേഹത്തിന് അർഹമായ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകണമെന്ന് ടിയാൻ്റെ ഭാര്യ ശ്രീജ കെ എം ആവശ്യപ്പെടുന്നു.

എന്നാൽ ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പി **26/01/2017** മുതൽ **25/01/2021** വരെ മെഡിക്കൽ സർട്ടിഫിക്കന്റിന്റെ അടിസ്ഥാനത്തിൽ **LWA** യിൽ ആയിരുന്നു. തുടർന്ന് സർവ്വീസിൽ തിരികെ പ്രവേശിക്കാതെ **31/05/2021** ന് വിരമിച്ചു. ടി സാഹചര്യത്തിൽ **LWA** യിൽ പ്രവേശിക്കുന്നതിന് മുൻപു **01/07//2016** തീയതിയിൽ **55350** രൂപ ബേസിക്ക് പേ ആയി കണക്കാക്കി അക്കൗണ്ടന്റ് ജനറൽ പെൻഷൻ കണക്കാക്കിയതു ശരിയാണെന്ന് കാണുന്നു.

ശൂന്യവേതനാവധി കഴിഞ്ഞ് സർവ്വീസിൽ തിരികെ പ്രവേശിക്കാത്ത സാഹചര്യത്തിൽ ടിയാന് **11**-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾക്ക് അർഹതയില്ല എന്നു കാണുന്നു.

**6)** ശ്രീമതി.ശ്രീജ കെ എം ന്റെ അപേക്ഷ മേൽ വസ്തുതകളുടേയും ഹിയറിംഗ് സമയത്തെ വാദങ്ങളുടേയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

കോഴിക്കോട് ജില്ലയിലെ കൂമ്പാറ ഫാത്തിമാബി മെമ്മോറിയൽ എച്ച്.എസ്.എസ്സിലെ എച്ച്.എസ്.എസ്.ടി- ജൂനിയർ (ബോട്ടണി) അധ്യാപകനായിരുന്ന ശ്രീ ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പി. **2016**-ൽ ഉണ്ടായ അപകടത്തെ തുടർന്ന് **90%** സ്ഥിരമായ വൈകല്യം സംഭവിച്ച് സംസാരശേഷിയോ ചലനശേഷിയോ ഇല്ലാതെ പൂർണ്ണമായും കിടപ്പിലായതിനാലും, വിരമിക്കൽ തീയതിയായ **31/05/2021** വരെ സർക്കാർ ഉത്തരവുകളിലൂടെ മെഡിക്കൽ ഗ്രൗണ്ടിൽ അനുവദിച്ച ശൂന്യവേതനാവധിയിൽ തുടർന്നിരുന്നതിനാലും, അവധിക്ക് ശേഷം ജോലിയിൽ പ്രവേശിക്കണമെന്ന സാങ്കേതിക നിബന്ധന അദ്ദേഹത്തിന്റെ അതീവ ഗുരുതരമായ ശാരീരിക അവസ്ഥയിൽ പാലിക്കുവാൻ സാധ്യമല്ലായിരുന്നു എന്നും, അതിനാൽ തന്നെ **11**-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നിഷേധിച്ച റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി പുനഃപരിശോധിച്ച് ഇതൊരു പ്രത്യേക കേസ് ആയി പരിഗണിച്ച് അദ്ദേഹത്തിന് അർഹമായ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകണമെന്നാണ് ടിയാന്റെ ഭാര്യ ശ്രീജ കെ എം ആവശ്യപ്പെട്ടിരിക്കുന്നത്.

എന്നാൽ ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട് ഒ.പി **26/01/2017** മുതൽ **25/01/2021** വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയിൽ ആയിരുന്നു. തുടർന്ന് സർവ്വീസിൽ തിരികെ പ്രവേശിക്കാതെ **31/05/2021** ന് വിരമിച്ചു. ടി സാഹചര്യത്തിൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്നതിന് മുൻപു **01/07/2016** തീയതിയിൽ **55350** രൂപ ബേസിക്ക് പേ ആയി കണക്കാക്കി അക്കൗണ്ടന്റ് ജനറൽ പെൻഷൻ അനുവദിച്ചു.

ശൂന്യവേതനാവധി കഴിഞ്ഞ് സർവ്വീസിൽ തിരികെ പ്രവേശിക്കാത്ത സാഹചര്യത്തിൽ ടിയാന് 11-ാം ം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾക്ക് ചട്ടപ്രകാരം അർഹതയില്ല. എങ്കിലും ഇതൊരു പ്രത്യേക കേസ് ആയി പരിഗണിച്ച് അദ്ദേഹത്തിന് അർഹമായ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകണമെന്നാണ് ടിയാന്റെ ഭാര്യ ശ്രീജ കെ.എം ന്റെ ആവശ്യം

കൂമ്പാറ ഫാത്തിമാബി ഹയർസെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എസ്.ടി (ജൂനിയർ) ബോട്ടണി ആയിരുന്ന ശ്രീ. ശങ്കരൻ നമ്പൂതിരിപാടിന് **01/06/2016** മുതൽ **21/05/2021** (ടിയാളുടെ വിരമിക്കൽ തിയതി) വരെ **5/8/2022** ലെ സ ഉ (സാധാ) നം **4595/2022/GEDN** പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൻ്റെ അടിസ്ഥാനത്തിൽ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവായിരുന്നു. ശ്രീ. ശങ്കരൻ നമ്പൂതിരിപാടിന് ടിയാളുടെ വിരമിക്കൽ തീയതിയായ **31/05/2021** വരെയും തിരികെ ജോലിയിൽ പ്രവേശിക്കാൻ സാധിച്ചിരുന്നില്ല. ടിയാളുടെ പെൻഷനും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങൾക്കുമുള്ള അപേക്ഷ കോഴിക്കോട് ആർ ഡി ഡി, അക്കൗണ്ടന്റ് ജനറലിന് അയച്ചിരുന്നുവെങ്കിലും, അക്കൗണ്ടന്റ് ജനറൽ **04/09/2024** ലെ കത്ത് പ്രകാരം, ശൂന്യവേതന അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തത് കാരണം **2019** ലെ പതിനൊന്നാം ശമ്പള പരിഷകരണ ആനുകൂല്യങ്ങൾ അനുവദിക്കാൻ കഴിയില്ല എന്ന് അറിയിച്ചു. വിരമിക്കൽ തീയതിക്ക് മുൻപ് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള ആരോഗ്യക്ഷമതയും ടിയാൾക്കുണ്ടായിരുന്നില്ല എന്ന് പ്രിൻസിപ്പാൾ അറിയിച്ചിരുന്നതായി റിപ്പോർട്ട് ഉണ്ട്.

എന്നാൽ അപകടത്തിന്റെ ആഘാതം മൂലം മുൻപുള്ള കാര്യങ്ങൾ ഒന്നും ഓർമ്മയിൽ നിൽക്കാത്ത അവസ്ഥയാണ് എന്നും സംസാരിക്കാനോ, നടക്കാനോ, സ്വന്തം കാര്യങ്ങൾ നിർവ്വഹിക്കാനോ ഒന്നും സാധിക്കുന്നില്ല എന്നും അതുകൊണ്ട് തന്നെ ആപ്പീസിൽ വന്ന് പെൻഷൻ പേപ്പറുകളിൽ ഒപ്പിടുവിക്കാനോ വിരലടയാളം പതിക്കാനോ, മസ്റ്ററിംഗിൽ ഒപ്പിടുവിക്കാനോ കഴിഞ്ഞിട്ടില്ല എന്നും ഇപ്പോഴും അതേ അവസ്ഥ തന്നെയാണ് എന്നും തലയുടെ ഇടതുവശത്ത് തലച്ചോറിന്റെ ഭാഗത്ത് ക്ഷതം പറ്റിയിട്ടുള്ളതിനാൽ വലതുകൈ ചലിപ്പിക്കാനേ കഴിയില്ല എന്നും പെരുവിരൽ മാത്രമേ അനക്കാൻ കഴിയുന്നുള്ളൂ എന്നും ഓർമ്മശക്തി തീരെയില്ല, സംസാരിക്കാൻ വളരെ ബുദ്ധിമുട്ടാണ് എന്നും ആ സമയത്ത് തന്റെ ഭർത്താവ് സർവീസിൽ നിന്ന് വിരമിക്കുന്ന സമയം കൊറോണ കാലഘട്ടവുമായിരുന്നു എന്നും ഹിയറിംഗിൽ ടിയാളുടെ ഭാര്യ അറിയിച്ചു. മാസ്ക്ക് നിർബന്ധമായിരുന്ന അവസരത്തിൽ തന്റെ ഭർത്താവിനെ നേരിട്ട് ആപ്പീസിൽ എത്തിക്കുവാൻ തനിക്ക് കഴിയുമായിരുന്നില്ല തുടങ്ങിയ അപേക്ഷകയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇത് പരിഗണന അർഹിക്കുന്ന വിഷയമായതിനാൽ ടിയാന്റെ ദയനീയാവസ്ഥ പരിഗണിച്ച് ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, കോഴിക്കോട് ജില്ലയിലെ കുമ്പാറ ഫാത്തിമാബിമെമ്മോറിയൽ എച്ച്.എസ്.എസ് ലെ റിട്ട.എച്ച് എസ് എസ് ടി (ബോട്ടണി) ശ്രീ.ശങ്കരൻ നമ്പൂതിരിപ്പാട്. ഒ. പി. യ്ക്ക് പതിനൊന്നാം ശമ്പള പരിഷ്ക്കരണത്തിന്റെ

ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ, ഹയർ സെക്കന്ററി കോഴിക്കോട് മേഖലാ ഉപമേധാവി, പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി) എന്നിവർക്ക് നിർദ്ദേശം നൽകി പരാമർശം 1 നിവേദനം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്‌ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
മേഖലാ ഉപമേധാവി, ഹയർ സെക്കന്ററി വിദ്യാഭ്യാസം, കോഴിക്കോട്
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, താമരശ്ശേരി
മാനേജർ, ഫാത്തിമാബി ഹയർസെക്കണ്ടറി സ്കൂൾ, കൂമ്പാറ, കോഴിക്കോട്-673604
പ്രിൻസിപ്പാൾ, ഫാത്തിമാബി ഹയർസെക്കണ്ടറി സ്കൂൾ, കൂമ്പാറ, കോഴിക്കോട്-673604
ശ്രീമതി. ശ്രീജ കെ എം, W/o ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട്. ഒ. പി (റിട്ട.), ശ്രീപാദം ഹൗസ്, പാടേരി ഇല്ലം, കോടശ്ശേരി താഴം, പെരുവയൽ പി ഓ, കോഴിക്കോട്- 673 008
ധനകാര്യ വകുപ്പ് (28/4/2026 ലെ E:3200852/EDN-B1/286/2025-FIN റിമാർക്സ് പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
സെക്ഷൻ ഓഫീസർ
Date: 30-05-2026 13:05:55